## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 5230

05.07.2012 ൽ മറുപടിയ്ക്ക്

## ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ സഹായം

| ചോദ്യം | മറുപടി |
|---|---|
| ഡോ. എൻ. ജയരാജ്<br>ശ്രീ. പി. സി. ജോർജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ സഹായത്തോടെ സംസ്ഥാനത്തെ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിന് പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) 2011-2012 സാമ്പത്തിക വർഷം എൻ.സി.ഡി.സി.യിൽ നിന്ന് എത്ര തുകയുടെ സഹായം ലഭ്യമാക്കാൻ സാധിച്ചു; വ്യക്തമാക്കുമോ; | (ബി) 2011-2012 സാമ്പത്തിക വർഷത്തിൽ എൻ.സി.ഡി.സി.യിൽ നിന്ന് അനുവദിച്ച 3975.00 ലക്ഷം രൂപയിൽ 3876.21 ലക്ഷം രൂപയുടെ സഹായം ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. |
| (സി) എൻ.സി.ഡി.സി. യുടെ സഹായത്തോടെ നടപ്പ് സാമ്പത്തിക വർഷം ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ? | (സി) എൻ.സി.ഡി.സി. യുടെ സഹായത്തോടെ നടപ്പ് സാമ്പത്തിക വർഷം പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, മൊത്ത വ്യാപാര സ്റ്റോറുകൾ/ഫെഡറേഷനുകൾ എന്നിവയ്ക്കുള്ള ധനസഹായം, പ്രാഥമിക സഹകരണ സംഘങ്ങൾക്കും ഫെഡറേഷനുമുള്ള സഹായം, സംയോജിത സഹകരണ വികസന പദ്ധതി (ഐ.സി.ഡി.പി) എന്നീ പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്. |

വിശദാംശങ്ങൾ (എ) പിരിവിന്റെ മറുപടിയിൽ ചേർത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

5230

അനുബന്ധം

**ദേശീയ സഹകരണ വികസന കോർപ്പറേഷൻ സഹകരണ മേഖലയുടെ വികസനത്തിന് ചുവടെപ്പറയുന്ന പദ്ധതികൾക്കായി ധനസഹായം നൽകിവരുന്നു**

1. <u>പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, മൊത്ത വ്യാപാര സ്റ്റോറുകൾ/ഫെഡറേഷനുകൾ എന്നിവയ്ക്കുള്ള ധനസഹായം</u>

1) ഉപഭോക്തൃ ഫെഡറേഷൻ, മൊത്ത വ്യാപാര സ്റ്റോർ, ഉപഭോക്തൃ പരിപാടികൾ നടത്തുന്ന പ്രാഥമിക സഹകരണ സംഘങ്ങൾക്കും ഫെഡറേഷനുമുള്ള സഹായം
2) നീതി സ്റ്റോർ, നീതി മെഡിക്കൽ സ്റ്റോർ ഇവ ഏറ്റെടുത്തു നടത്തുന്ന പ്രാഥമിക സഹകരണ സംഘങ്ങൾക്കും ഫെഡറേഷനുമുള്ള സഹായം
3) സംസ്ക്കരണ പരിപാടികളിൽ ഏർപ്പെട്ടിരിക്കുന്ന സഹകരണ സംഘങ്ങൾക്ക് സഹായം
4) ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം
5) സംസ്ഥാന/ജില്ല/ പ്രാദേശികതല സഹകരണ സംഘങ്ങൾക്ക് മാർജിൻമണി
6) സഹകരണമേഖലയിലെ ദുർബ്ബല കാർഷിക സംസ്ക്കരണ യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനുള്ള സഹായം
7) പ്രാഥമിക സഹകരണ സംഘങ്ങൾക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിനുള്ള സഹായം
8) പട്ടിക ജാതി-പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾക്കും ഫെഡറേഷനും സഹായം
9) സഹകരണആശുപത്രികൾ, വനിതാ സഹകരണസംഘങ്ങൾ, സാഹിത്യ സഹകരണ സംഘങ്ങൾ തുടങ്ങിയ സേവന മേഖലയിലെ സഹകരണ സംഘങ്ങൾക്ക് സഹായം
10) ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് യന്ത്രങ്ങൾ, നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ, വാഹനങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള സഹായം
11) എൻ.സി.ഡി.സി.യുടെ പുതിയ പദ്ധതിപ്രകാരമുള്ള ഗ്രാമീണ പാർപ്പിട പദ്ധതി, വൈദ്യുതീകരണം, ആരോഗ്യം, ആശുപത്രികൾ, ടൂറിസം, ഹോസ്പിറ്റാലിറ്റി എന്നിവയ്ക്ക് സഹായം
12) എൻ.സി.ഡി.സി.യുടെ പദ്ധതിപ്രകാരമുള്ള ദുർബ്ബലവും എന്നാൽ വികസിക്കുവാൻ സാധ്യതയുള്ളതുമായ സംഘങ്ങൾക്ക് സഹായം
13) കാർഷികമേഖലയിൽ പശ്ചാത്തല സൗകര്യം വികസിപ്പിക്കുന്നതിന് വായ്പ നൽകുന്നതിന് സഹകരണ സംഘങ്ങൾക്ക് സഹായം

5230

2. **<u>പ്രാഥമിക സഹകരണ സംഘങ്ങൾക്കും ഫെഡറേഷനുമുള്ള സഹായം</u>**

1) സംഭരണശാലകൾ നിർമ്മിക്കുന്നതിന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് സഹായം
2) സംസ്ഥാന/ജില്ലാ/പ്രാദേശിക തലത്തിലുള്ള മറ്റു സഹകരണ സംഘങ്ങൾക്കും ഫെഡറേഷനും മാർജിൻമണി സഹായം
3) വിപണനസംഘങ്ങൾക്ക് പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് സഹായം
4) പ്രാഥമിക വിപണന സംഘങ്ങളുടെ ഓഹരി മൂലധന അടിത്തറ ശക്തിപ്പെടുത്തുന്നതിനും ദുർബ്ബലവിപണന സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുമുള്ള സഹായം
5) സഹകരണസംഘങ്ങളിൽ കർഷക സേവന കേന്ദ്രം സ്ഥാപിക്കുന്നതിന് സഹായം
6) പുഷ്പക്കൃഷി നടത്തുന്ന സഹകരണ സംഘങ്ങൾക്ക് സഹായം
7) കാർഷികോൽപ്പന്നങ്ങളുടെ ഗുണനിലവാരം, തരംതിരിക്കൽ, കമ്പോളത്തിന്റെ പശ്ചാത്തലസൗകര്യ വികസനം എന്നിവയ്ക്കായി സഹായം
8) എൻ.സി.ഡി.സി. യുടെ പുതിയ പദ്ധതിപ്രകാരമുള്ള ദുർബ്ബലവും എന്നാൽ വികസിക്കുവാൻ സാധ്യതയുള്ളതുമായ മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾക്ക് സഹായം

3. **<u>സംയോജിതസഹകരണ വികസന പദ്ധതി (ഐ.സി.ഡി.പി)</u>**

ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ സഹായത്തോടെ വയനാട് ജില്ലയിൽ സംയോജിത വികസന പരിപാടി നടപ്പാക്കിവരുന്ന പദ്ധതി പ്രകാരം 2012-13ൽ വയനാട് ജില്ലാ സഹകരണ ബാങ്കിനും ഇടുക്കി ജില്ലാ സഹകരണ ബാങ്കിനും സഹായം നൽകുന്നതാണ്.